# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3139** **18.06.2019-ൽ മറുപടിയ്ക്ക്**

## കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ച മാടായി ജി.ജി.എച്ച്.എസ്.എസ്., പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ? | കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ച മാടായി ജി.ജി.എച്ച്.എസ്.എസ്. പുനരുദ്ധരിക്കുന്നതിനായി 326 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി യഥാക്രമം 82.82 ലക്ഷം, 300 ലക്ഷം രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാനുകൾ, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**